

# ഹരിതം

## GHSS KAPPIL

ഡിജിറ്റൽ മാഗസിൻ -2019

**LITTLE KITES**

Digital Magazine:
HARITHAM.

Published by:
GHSS Kappil,
Edava PO,
Kappil. TVM
PH:0470. 266187
Email:ghskappil@gmail.com

Editor.
KRISHNA DEV .V.R

Cover:
Govind 9B

Editorial Board:

1. Govind B
2. Gopika PB
3. Afsal A
4. Kims TS
5. Amina Haroon
7. Karthik Hareesh
8. Mayoona
9. vijaya lekshmi J
10. abhirami PV



## എഡിറ്റോറിയൽ

പ്രകൃതിയുടെ മേലുള്ള മനുഷ്യൻറെ കടന്നാക്രമണങ്ങൾ ഇന്ന് ലോകമെങ്ങും വ്യാപകമായിരിക്കുന്നു. ശാസ്ത്ര സാങ്കേതികവിദ്യകളുടെ പുരോഗതിയും ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള തിടുക്കവും മനുഷ്യനെ പ്രകൃതിയുടെ ശത്രുവാക്കി മാറ്റി. പ്രകൃതിസമ്പത്തായ വനങ്ങളും വന്യജീവികളും ഇന്ന് പുരോഗതിയുടെ പേരിൽ ഭൂമിയിൽനിന്ന് തന്നെ തുടച്ചുമാറ്റപ്പെട്ടു കൊണ്ടിരിക്കുന്നു. വ്യവസായങ്ങൾ ത്വരിതപ്പെടുന്നതിൻറെ ഫലമായി നദികളും മറ്റ് ജലാശയങ്ങളും മലീമസമായിത്തീരുന്നു. പരിസ്ഥിതിക്ക് നേരെയുള്ള നമ്മുടെ വിവേകശൂന്യമായ ഇടപെടലുകൾ ഇനിയും തുടർന്നാൽ അത് പ്രകൃതിയുടെ മാത്രമല്ല മനുഷ്യവർഗ്ഗത്തിൻറെ തന്നെ പൂർണ്ണമായ നാശത്തിലാണ് അവസാനിക്കുക. നാം ഇത് തിരിച്ചറിഞ്ഞ് പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് **ഹരിതം** നിങ്ങളെ ഏൽപ്പിക്കുന്നു.

**കൃഷ്ണദേവ്. വി. ആർ**

# ഉള്ളടക്കം

സന്ദേശം...................................... 5

ആശംസ..................................... 6

മാനിഷാദ.................................... 7

കാപ്പിൽ കായൽ....................... 8

പ്രതിഫലനം............................ 9

ചങ്ങമ്പുഴ കൃഷ്ണപിള്ള ................. 10

മലയാളശൈലികൾ.................... 12

കഥകളി .................................... 13

ചേക്കുട്ടി പാവ............................ 14

സ്കൂൾ വിശേഷം..................... 15

വർക്കല..................................... 16

ബാല്യകാലസഖി ..................... 17

കൽപ്പന ചൗളയെ ഓർക്കുമ്പോൾ.. 19

യാത്രാവിവരണം...................... 23

ഫോട്ടോകൾ.......................... 24

ലിറ്റിൽ കൈറ്റ്സ് ടീം................. 25



## സന്ദേശം

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ
ഇത്തരത്തിൽ ഒരു മാഗസിൻ
പുറത്തിറക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്
വിവര സാങ്കേതിക വിദ്യയുടെ അനന്ത
സാധ്യതകളിലേക്ക് ഓരോ കുട്ടികൾക്കും
എത്തിപ്പെടാനുള്ള ഒരു പ്രചോദനം ആയി മാറട്ടെ
ഈ മാഗസിൻ പ്രവർത്തനമെന്ന് ആത്മാർത്ഥമായി
ആശംസിക്കുന്നു.

ശ്രീമതി ഷീബ

ഹെഡ് മിസ്ട്രസ് ,കാപ്പിൽ എച്ച്എസ്എസ്



## ആശംസ

പൊതുവിദ്യാഭ്യാസ മേഖല

അന്താരാഷ്ട്ര നിലവാരത്തിലേക്ക്

മുന്നേറുകയാണ്, ഈ മാഗസിൻ പ്രവർത്തനങ്ങൾ

ഒക്കെതന്നെ ആ മുന്നേറ്റത്തെ

അടിവരയിടുന്നു. നമുക്ക് അഭിമാനിക്കാം

ഇതിൻറെ പിന്നിൽ പ്രവർത്തിച്ച

കുരുന്നുകളെ ഓർത്ത്.

ഒപ്പം അവരെ നയിക്കുന്ന

ലിറ്റിൽ കൈറ്റ്സ് അധ്യാപകരും

അഭിനന്ദനം അർഹിക്കുന്നു.

എല്ലാവിധ ആശംസകളും...

ശ്രീ വേണുകുമാർ. ടി

സീനിയർ അസിസ്റ്റൻറ്

# മാനിഷാദ

ഗോപിക പി.ബി.9B



അരുത് , അരുത്..
അരുതരുതെന്ന് അലറിക്കരയുന്നോരമ്മ
ഹരിതാഭ മങ്ങിയോരമ്മ
ഹരിതാഭയില്ലാതെ, ചോലമരങ്ങൾ ഇല്ലാതെ ,
ശീതളഛായില്ലാതെ നീരുറവ തേടുന്നോരമ്മ
നിശ്ചലദൃശ്യമായമ്മ....
ഭൂമി എൻറെ അമ്മയാണെന്ന സത്യം മറക്കുന്ന മക്കളോട്
മാനിഷാദ എന്നോതുന്നൊരമ്മ
ഇരിക്കുമിടം കുഴിക്കരുതെന്നും ഉരുള എണ്ണി ഉണ്ണരുതെന്നും
തല മറന്നെണ്ണ തേക്കരുതെന്നും
ഓർമ്മിപ്പിച്ചോർമ്മിപ്പിച്ചുണ്മയാകുന്നോരമ്മ
കാടും മേടും തോടും പുഴയും നദിയും കടലും
മലീമസമാക്കുന്ന മക്കളോടെല്ലാം
പൊറുക്കുന്നോരമ്മ... ഭൂമി അമ്മ
പച്ച പറുദീസ ആയിരുന്നോരമ്മ..
പച്ച പറുദീസ ആയിരുന്നോരമ്മ..

# കാപ്പിൽ കായൽ



സംഗീത ബി.9B

ഗ്രാമവിശുദ്ധിതൻ കൈവിളക്ക് ഏന്തുന്ന
ഗ്രാമീണ കന്യയെ പോലെ
നാണം കുണുങ്ങി നിൻ കല്ലോല വീചികൾ
കരയെ പുണരുന്ന നേരം
കാലത്തിൻ കല്പനാ ശക്തിയാൽ തീരങ്ങൾ
ഹരിതാഭ ചൂടി നിൽക്കുന്നു .
ഗ്രാമീണ ചൈതന്യമായി നീ ഒഴുകണം
കൽപ്പാന്ത കാലത്തിനോളം

# പ്രതിഫലനം




**അനീഷ് സാർ, കാപ്പിൽ HSS**

വേനൽ പകലിന്റെ  തീഷ്ണതയിൽ നിന്നും
 ഉണ്ണിയേശുവിന്റെ മുഖമന്വേഷിച്ചുള്ള യാത്ര   അവസാനിച്ചത്,
 കൊട്ടംതണപ്പിൽ വിറങ്ങലിച്ച നിൽക്കുന്ന
രാത്രിയുടെ അന്ത്യയാമങ്ങളിൽ,എരിയുന്ന നേരിപ്പോടുള്ള
ആ പുൽമേഞ്ഞ വീട്ടിലാണ്.....

രാവേറെയായിട്ടും പാതി മിഴി പൂട്ടിയ  അമ്മയുടെ മടിയിൽ
ആർത്തുല്ലസിക്കുന്ന പിഞ്ചു പൈതലിന്റെ മുഖ കാന്തിയിൽ അയാൾ
ഉണ്ണിയേശുവിനെ ഒപ്പിയെടുത്തു

വേഗമുരുണ്ട കാലചക്രത്തിൽ എവിടെയോ ഒന്നടക്കി നിന്നപ്പോൾ
അയാൾക്ക് വീണ്ടും ഒരു മോഹം.....
താൻ വരച്ച ഉണ്ണി യേശുവിന്റെ പ്രശസ്തിക്കൊപ്പം നിർത്താൻ അയാൾക്ക്
ഒരു യൂദാസിന്റെ മുഖം വേണമായിരുന്നു.............

യുദാസിനെയും കണ്ടു തടവറയുടെ കൽ പടവുകൾ
 തിരിച്ചു കയറാൻ  ഒരുങ്ങിയ അയാളെ മുന്നിൽ കണ്ട  സ്ത്രീ രൂപം ,
പൊട്ടി ചിതറിയ തന്റെ ഓർമകളിൽ ഒരു മിന്നൽ പിണറായി.

അതെ താൻ വരച്ച ഉണ്ണിയേശുവിന്റെ 'അമ്മ,
അവർ ഈ തടവറയിൽ.....

തൻറെ മകനായ യുദാസിനെയും തേടി.....

കാലചക്രത്തിന്റ ക്യാൻവാസിൽ താൻ ഒപ്പിയുടുത്ത
യൂദാസും ഉണ്ണിയേശുവും ഒരാളെണെന്ന തിരിച്ചറിവിൽ.........

# ചങ്ങമ്പുഴ കൃഷ്ണപിള്ള


**അഭിരാമി പി. വി-9A**



ഒരു നിർദ്ധനകുടുംബത്തിലെ അംഗമായി ജനിച്ച ചങ്ങമ്പുഴ ബാല്യകാലവിദ്യാഭ്യാസം വളരെ ക്ലേശകരമായാണ് നിർവ്വഹിച്ചത്. ഇടപ്പള്ളി മലയാളം പ്രൈമറി സ്കൂൾ, ശ്രീകൃഷ്ണവിലാസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ആലുവ സെന്റ് മേരീസ് സ്കൂൾ,എറണാകുളം സർക്കാർ ഹൈസ്കൂൾ, സെന്റ് ആൽബർട്ട്സ് സ്കൂൾ എന്നിവിടങ്ങളിൽ അദ്ധ്യയനം നടത്തി അദ്ദേഹം ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ഹൈസ്കൂൾ വിദ്യാഭ്യാസം അവസാനിച്ച കാലത്താണ് അദ്ദേഹത്തിന്റെ സുഹൃത്തും ഇടപ്പള്ളിപ്രസ്ഥാനത്തിന്റെ ജനയിതാക്കളിൽ ഒരാളും കവിയുമായിരുന്ന ഇടപ്പള്ളി രാഘവൻ പിള്ള ആത്മഹത്യ ചെയ്തത് . ഈ സംഭവം ചങ്ങമ്പുഴയുടെ ജീവിതത്തെ അഗാധമായി സ്പർശിച്ചു. എന്ന വിലാപകാവ്യം എഴുതുന്നതിന് ഈ സംഭവം പ്രേരണയായി. ആ കൃതി മലയാളത്തിൽ അതിപ്രശസ്തമായി.

എറണാകുളം മഹാരാജാസ് കോളേജിലുംതുടർന്ന് തിരുവനന്തപുരം കോളേജിൽ പഠിച്ച് അദ്ദേഹം ഓണേഴ്സ് ബിരുദം നേടി. മഹാരാജാസ് കോളേജിൽ പഠിക്കുന്നകാലത്തുതന്നെ ചങ്ങമ്പുഴ പ്രശസ്തനായ കവിയായിത്തീർന്നിരുന്നു. പല പ്രസിദ്ധകൃതികളും അന്നു പുറത്തുവന്നിരുന്നു. അദ്ദേഹത്തിന് ഒരിക്കൽ സ്വന്തം വിദ്യാഭ്യാസകാലഘട്ടം അവസാനിക്കും മുമ്പുതന്നെ അദ്ദേഹം ശ്രീദേവി അമ്മയെ വിവാഹം ചെയ്തു. പഠനത്തിനുശേഷം ദുർവ്വഹമായ സാമ്പത്തിക ക്ലേശം നിമിത്തം യുദ്ധസേവനത്തിനുപോയി. അധികനാൾ അവിടെ തുടർന്നില്ല.

രണ്ടുവർഷത്തിനു ശേഷം രാജിവെച്ച്  ലോ കോളേജിൽ ചേർന്നു. എങ്കിലും പഠനം മുഴുമിക്കാതെ തന്നെ നാട്ടിലേക്കുമടങ്ങി.
പിൽക്കാലത്ത് ചങ്ങമ്പുഴയെ പ്രശസ്തിയുടെ കൊടുമുടിയിലേയ്ക്കു നയിച്ച പല കൃതികളും ഇക്കാലത്താണ് രചിക്കപ്പെട്ടത്. ഇതിനിടെ മംഗളോദയം മാസികയുടെ പത്രാധിപസമിതിയംഗമായും അദ്ദേഹം ജോലി ചെയ്തു. അനന്തരം അദ്ദേഹം എഴുത്തിൽ മുഴുകി സകുടുംബം താമസിച്ചു.



എന്തും സഹിച്ചും ജീവിതം ആസ്വദിക്കുവാൻ അതീവതാൽപര്യം കാണിച്ച ആ മഹാകവി മരണവുമായി അനുക്ഷണം അടുക്കുകയായിരുന്നു അപ്പോൾ. നാളുകൾ അധികം നീങ്ങിയില്ല. കേരളത്തിലെ സഹൃദയലോകത്തെയാകെ ദുഃഖത്തിലാഴ്ത്തിക്കൊണ്ട്,1948 ജൂൺ 17-ആം തീയതി ഉച്ചതിരിഞ്ഞ് മംഗളോദയം നഴ്സിങ്ങ് ഹോമിൽവച്ച്, ഈ ലോകത്തോട് അദ്ദേഹം യാത്രപറഞ്ഞു. 37 വയസ്സേ അപ്പോൾ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. സ്വന്തം നാടായ ഇടപ്പള്ളിയിൽ അദ്ദേഹത്തെ സംസ്കരിച്ചു. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി ഇടപ്പള്ളിയിൽ ചങ്ങമ്പുഴ സാംസ്കാരിക സമിതി, കലാവേദി, ചങ്ങമ്പുഴ സ്മാരക ഗ്രന്ഥശാല, പാർക്ക് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വർഷം തോറും ചങ്ങമ്പുഴയുടെ ഓർമ്മയ്ക്ക് വിവിധ കലാപരിപാടികൾ സംഘടിപ്പിച്ചു പോരുന്നു.



# മലയാളശൈലികൾ

**പ്രജിത്ത് പി** 9A

**ഉടച്ചുവാർക്കുക**

ആകെ മാറ്റം വരുത്തുക.

*എഴുതികൊണ്ടിരിക്കുന്ന കഥ പകുതിയായപ്പോഴാണ് അതൊന്ന് ഉടച്ചുവാർക്കണമെന്ന ചിന്ത ഉദിച്ചത്.*

ഇംഗ്ലീഷ്: Build from scratch.

**ഉടലെടുക്കുക**

ഉണ്ടാവുക, തുടങ്ങുക

*ഒരിംഗ്ലീഷ് സിനിമയിൽ നിന്നാണ് ഈ ആശയം ഉടലെടുത്തത്.*

**ഉണ്ണുന്ന ചോറിൽ മണ്ണിടുക**

പരമാവധി ഉപദ്രവിക്കുക, അതിക്രമം ചെയ്യുക

*ഭക്ഷണം ഏറ്റവും പൂജ്യമായ ഒന്നാണ്. അത് നശിപ്പിക്കുക ഏറ്റവും നീചവും.*

**ഉപ്പില്ലാത്ത കഞ്ഞി**

അത്യാവശ്യം വേണ്ടുന്നത് ഇല്ലാതിരിക്കൽ

*നീയില്ലാത്ത ജീവിതം എനിക്ക് ഉപ്പില്ലാത്ത കഞ്ഞിപോലെയാണ്.*

**ഉള്ളഴിയുക**

ദയ തോന്നുക, മനസ്സലിയുക

# കഥകളി



ആമിനാ ഹാറൂൺ 9B

കേരളത്തിന്റെ തനതായ ശാസ്ത്രീയ ദൃശ്യകലാരൂപമാണ് കഥകളി. ശാസ്ത്രക്കളി, ചാക്യാർക്കൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം അഷ്ടപദിയാട്ടം, ദാസിയാട്ടം, തെരുക്കൂത്ത്, തെയ്യം, തിറ, പടയണി തുടങ്ങിയ ക്ലാസ്സിക്കൽ - നാടൻകലാരൂപങ്ങളുടെ അംശങ്ങൾ കഥകളിയിൽ ദൃശ്യമാണ്. 17, 18 നൂറ്റാണ്ടുകളിലായി വികസിതമായ ഈ കലാരൂപം ഒരുകാലത്ത് വരേണ്യവിഭാഗങ്ങൾക്കിടയിൽ മാത്രം ഒതുങ്ങിനിന്നിരുന്നുവെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ മഹാകവി വള്ളത്തോൾ അടക്കമുള്ള ഉത്പതിഷ്ണുകളുടെ ശ്രമഫലമായി ഇന്ന് ലോകപ്രസിദ്ധി കൈവരിച്ചിരിക്കുന്നു.

പതിനേഴാം നൂറ്റാണ്ടിലാണ് കഥകളി ഉദ്ഭവിച്ചത്. കൊട്ടാരക്കരത്തമ്പുരാൻ രാമായണത്തെ എട്ട് ദിവസത്തെ കഥയാക്കി വിഭജിച്ച് നിർമിച്ച രാമനാട്ടമാണ് പിൽക്കാലത്തു കഥകളിയായി പരിണമിച്ചത്. 1555 നും 1605 നും ഇടയ്ക്കാണ് രാമനാട്ടം ഉണ്ടാക്കിയത് എന്നാണ് പറയപ്പെടുന്നത്. രാമായണകഥയെ ഒൻപത് ഭാഗങ്ങളാക്കി ഭാഗിച്ച് 8 ദിവസം കൊണ്ടായിരുന്നു ആദ്യകാല അവതരണം. സംഘക്കളി, അഷ്ടപദിയാട്ടം, തെയ്യം, പടയണി, കൂടിയാട്ടം, തെരുക്കൂത്ത് എന്നിങ്ങനെ ഒട്ടേറെ കലാരൂപങ്ങളിൽ നിന്നും സ്വാംശീകരിച്ചെടുത്തിട്ടുണ്ട്. രാമനാട്ടത്തിന്റെ അപരിഷ്കൃത അവതരണരീതികൾക്ക് മാറ്റം സംഭവിച്ചത് കല്ലടിക്കോടൻ, കപ്ലിങ്ങാടൻ, വെട്ടത്തുനാടൻ എന്നീ പരിഷ്കാര സമ്പ്രദായങ്ങളിലൂടെയാണ്.

# ചേക്കുട്ടി പാവ



നിധീ കൃഷ്ണ

ചേന്ദമംഗലത്തെ കൈത്തറി തൊഴിലാളികളുടെ അതിജീവനത്തിന്റെ പ്രതീകമായി മാറിയ ചേക്കുട്ടിപാവകൾ ഇന്ന് രാജ്യാന്തര തലത്തിൽത്തന്നെ ഏറെ ശ്രദ്ധ നേടിയ ഒരു സംരംഭമാണ്. ഓഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ തകർന്നടിഞ്ഞ കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിന് വഴിതെളിച്ച ചേക്കുട്ടിപ്പാവകൾ ആത്മവിശ്വാസത്തിന്റെയും ദൃഢനിശ്ചയത്തിന്റെയും പുത്തൻ മാതൃകയാണ് നമുക്കു മുന്നിൽ അവതരിപ്പിച്ചിരിക്കുന്നത്.



ദുഃഖവും ദുരിതവും വിതച്ച് പ്രളയം കടന്നുപോയപ്പോൾ തകർന്നടിഞ്ഞത് അനേകമാളുകളുടെ സ്വപ്നവും പ്രതീക്ഷയും അധ്വാനവുമായിരുന്നു. ചേന്ദമംഗലത്തെ ബാധിച്ച പ്രളയം അറുന്നൂറോളം നെയ്ത്തുകാരുടെ ഉപജീവനത്തെ ഗുരുതരമായി ബാധിച്ച പ്രതിസന്ധിയായിരുന്നു. ഓണവിപണി മുന്നിൽക്കണ്ട് വിൽപ്പനക്ക് ഒരുക്കിവെച്ചിരുന്ന 21 ലക്ഷം രൂപയുടെ തുണിത്തരങ്ങളാണ് പ്രളയത്തിൽ ഉപയോഗശൂന്യമായത്. ഇനിയെന്ത് എന്ന ആലോചനയിൽ വിവിധ കൈത്തറി യൂണിറ്റുകൾ വഴിമുട്ടി നിൽക്കുമ്പോഴാണ് ഫാഷൻ ഡിസൈനറായ ലക്ഷ്മി മേനോനും ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ഗോപിനാഥ് പാറയിലും ചേർന്ന് വ്യത്യസ്തമായ ഒരാശയത്തിന് തുടക്കമിടുന്നത്.

ചേറും ചെളിയും പുരണ്ട തുണികൾ കഴുകി വൃത്തിയാക്കി, അണുവിമുക്തമാക്കിയ ശേഷം അവയെ എങ്ങനെ പ്രയോജനപ്പെടുത്താം എന്ന ചിന്തയിൽനിന്നാണ് ചേക്കുട്ടി പാവകൾ രൂപപ്പെടുന്നത്. ഒരു സാരിയിൽ നിന്ന് ഏകദേശം 360 ചേക്കുട്ടി പാവകളെ വരെ നിർമ്മിക്കാൻ സാധിക്കും. വിവിധ സംഘങ്ങളിലൂടെയും കൂട്ടായ്മകളിലൂടെയും ഈ തുണികളിൽ നിന്നും അനേക ലക്ഷം ചേക്കുട്ടിപ്പാവകൾക്ക് ജീവനേകി.

# സ്കൂൾ വിശേഷം

ഗോവിന്ദ് 9A

## കാപ്പിൽ എച്ച്എസ്എസ് ന് 100% വിജയം.



2018- 19 വർഷത്തിലെ എസ്എസ്എൽസി പരീക്ഷയിൽ കാപ്പിൽ എച്ച്എസ്എസ് ന് 100% വിജയത്തിളക്കം. 100% വിജയം നേടിയ സ്കൂളുകൾക്ക് ജില്ലാ പഞ്ചായത്ത് ഏർപ്പെടുത്തിയ അവാർഡ് ഷീബ ടീച്ചർ ഏറ്റുവാങ്ങി.

## ചാന്ദ്രയാൻ 2 വിക്ഷേപണം തത്സമയം കണ്ട് കുട്ടികൾ



ചാന്ദ്രയാൻ രണ്ടിന്റെ വിക്ഷേപണം കാപ്പിൽ സ്കൂളിലെ മുഴുവൻ കുട്ടികളും തത്സമയം കണ്ടു. ഹർഷാരവത്തോടെയാണ് ഇന്ത്യയുടെ വിജയക്കുതിപ്പി ആവേശം പകർന്നു കൊണ്ടു കുട്ടികൾ സാക്ഷിയായത്.

# വർക്കല



**ആദിത്യൻ ആർ സുനിൽ 9B**

## സാമൂഹ്യ-സാംസ്കാരിക ചരിത്രം

**ബ്രഹ്മാവിൽ നിന്നുണ്ടായ ശാപത്തിൽ നിന്നും, ദേവഗണങ്ങൾക്ക് മോക്ഷം നേടിക്കൊടുക്കുന്നതിനായി പൂജാകർമ്മം നടത്തുന്നതിന് ഉചിതമായൊരു സ്ഥലം കണ്ടുപിടിക്കാൻ നാരദമഹർഷി തന്റെ വൽക്കലം ഊരിയെറിയുകയും, അത് ചെന്ന് പതിച്ച സ്ഥലം മോക്ഷപൂജ നടത്തുന്നതിന് തെരഞ്ഞെടുത്തുവെന്നും അങ്ങനെ നാരദന്റെ വൽക്കലം പതിച്ച നാട് ആണ് വർക്കല എന്നു വിളിക്കപ്പെട്ടതെന്നും പാപനാശകർമ്മങ്ങൾ നിർവ്വഹിക്കാൻ തെരഞ്ഞെടുത്ത സ്ഥലമാണ് പാപനാശം കടൽത്തീരമെന്നും ഒരു ഐതിഹ്യം പ്രചാരത്തിലുണ്ട്. സാമൂഹിക പരിഷ്കർത്താവായ ശ്രീനാരായണഗുരു അദ്ദേഹത്തിന്റെ അന്തിമകാലത്ത് പ്രധാന കർമ്മമണ്ഡലമായി തെരഞ്ഞെടുത്തത് വർക്കലയിലെ ശിവഗിരിക്കുന്ന് ആണ്. സ്വാതന്ത്ര്യസമരകാലത്തെ നിവർത്തന പ്രക്ഷോഭത്തിൽ ഈ പ്രദേശത്തു നിന്നും നിരവധി പേർ സജീവമായി പങ്കെടുക്കുകയുണ്ടായി. ഈ പ്രദേശത്തുനിന്ന് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത പ്രമുഖവ്യക്തികളായിരുന്നു മുങ്കഴി മാധവൻ, വെട്ടൂർ നാരായണൻ വൈദ്യർ, എൻ.കുഞ്ഞുരാമൻ, കൊച്ചു കൃഷ്ണൻ എന്നിവർ. വർക്കല രാധാകൃഷ്ണനും, വേളിക്കാടും മറ്റും ഇവിടുത്തെ ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രവർത്തകരായിരുന്നു. ആർ പ്രകാശം ഇവിടുത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അമരക്കാരനായിരുന്നു. 1877 കാലത്ത് തിരുവിതാംകൂർ സർക്കാർ റ്റി.എസ് കനാലിന്റെ രണ്ടറ്റങ്ങൾ തമ്മിൽ ബന്ധിപ്പിക്കുവാൻ വേണ്ടി ഇതുവഴി രണ്ടു തുരങ്ക ജലപാതകൾ നിർമ്മിക്കുകയുണ്ടായി. വർക്കല തുരപ്പ് എന്ന് വിളിക്കപ്പെടുന്ന പ്രസ്തുത തുരങ്കങ്ങൾ ചരിത്രപ്രസിദ്ധമാണ്. അഞ്ചുതെങ്ങിൽ നിന്നും നടയറ വഴി കൊല്ലത്തേയ്ക്കുള്ള ജലഗതാഗതമാർഗ്ഗം നൂറ്റാണ്ടു മുമ്പ് റ്റി.എസ് കനാലിലൂടെയായിരുന്നു. ഒരുകാലത്ത് കേരളത്തിലെ ജലഗതാഗതത്തിന്റെ നട്ടെല്ലായിരുന്നു ഇത്. ഇതുമൂലം ഗതാഗത സൌകര്യങ്ങൾ വർദ്ധിക്കുകയും ഈ പ്രദേശത്തിന്റെ വളർച്ചക്ക് സഹായകമാവുകയും ചെയ്തു. ഒരു പ്രഖ്യാപിത ടൂറിസ്റ്റ് കേന്ദ്രമാണ് വർക്കല നഗരം. അഞ്ചുതെങ്ങു നിന്നും പാപനാശം വരെ മനോഹരമായ കടൽത്തീരമാണ്.**

# ബാല്യ കാല സഖി.-ബഷീർ

## വായനാനുഭവം -മയൂന 9A



വായിച്ചിട്ടുള്ള പുസ്തകങ്ങളിൽ ഏറെ ആകർഷിച്ചിട്ടുള്ള ഒരു കൃതിയാണിത്.മനസ്സിൻറെ കോണിലെവിടെയോ ഒരാത്മ നൊമ്പരമായി അത് ഇന്നും അവശേഷിക്കുന്നു.ബഷീറിന്റെ
ഈ മാസ്റ്റർപീസിൽ ലാളിത്യത്തിന്റെ ജീവസ്സും ഹൃദയരക്തതിന്റെ ഹൃദ്യതയും സമ്മേളിച്ചിരിക്കുന്നു.

ഈ പുസ്തകത്തിന്റെ ഇതിവൃത്തം കഥാകാരന്റെ തന്നെ ജീവിതത്തിന്റെ ഒരു ഭാഗമാണെന്ന് എം.പി. പോൾ എഴുതിയ അവതാരികയിൽ നിന്നും വ്യക്തമാണ്. അതിപ്രകാരമാണ് “ബാല്യകാല സഖി ജീവിതത്തിൽ നിന്നു വലിച്ച് ചീന്തിയ ഒരു ഏടാണ്.വക്കിൽ രക്തം പൊടിഞ്ഞിരിയ്ക്കുന്നു.”

കഥാന്ത്യത്തിൽ എല്ലാ പ്രശ്നങ്ങളെയും അതിജീവിച്ച് ഒത്തു ചേരുന്ന കമിതാക്കളെ നാം പല നോവലുകളിലും കണ്ടിട്ടുണ്ട്.എന്നാൽ ബഷീറിൻറെ ‘ബാല്യകാലസഖി’ ഇവിടെ വേറിട്ട് നിൽക്കുന്നു.

സുഹറയും മജീദും ആദ്യകാലത്ത് ബദ്ധവൈരികളായിരുന്നു.മാങ്ങാ കൊതിച്ചിയായിരുന്ന സുഹറയ്ക്ക് മജീദ് മാങ്ങപറിച്ചു കൊടുക്കുന്നതോടെ അവർ ബാല്യകാലസഖിമരാവുന്നു.പിന്നീട് കമിതാക്കളും.പക്ഷെ വിധി അവർക്കായി കാത്തു വെച്ചത് മറ്റൊന്നായിരുന്നു.”ശ്രീ ഭ്രുവിലസ്ഥിരം” എന്ന് ഈ നോവൽ പലപ്പോഴും ഓർമപ്പെടുത്തുന്നു.

പിച്ചളചെല്ലത്തിൽ നിന്നും പുകയിലയെടുത്തു നീട്ടിത്തുപ്പി രസിച്ചിരുന്ന മജീദിന്റെ ബാപ്പ ഇത്തിരി പുകയിലയ്ക്ക് ഉമ്മയെ പറഞ്ഞയക്കുന്നതും,മാനത്തോളം ഉന്നതമായ സങ്കൽപ്പ സൗധത്തിൽ രാജകുമാരിയുമൊത്ത് വിഹരിക്കുന്ന സ്വപ്നങ്ങൾ കണ്ടിരുന്ന മജീദ് ഹോട്ടലിലെ എച്ചിൽ പാത്രങ്ങൾ കഴുകുന്നതും ദയനീയമായ നിമിഷങ്ങളാണ്.

മജീദും സുഹറയും പള്ളിക്കൂടത്തിൽ പഠിക്കുന്ന കാലം.

“ഒന്നും ഒന്നും കൂട്ടിയാൽ എത്രയാടാ”?എന്ന് മാസ്റ്റർ മജീദിനോട്.

“ഇമ്മിണി ബല്യ ഒന്ന്”.ഉടൻ വന്ന മറുപടി.

കണക്കിലെ ആ പുതിയ തത്വം കണ്ടെത്തിയതിന് അന്ന് മുഴുവൻ മജീദിനെ ബെഞ്ചിൽ കയറ്റി നിർത്തി.

ബഷീർ ഇവിടെ നമ്മെ പഠിപ്പിക്കുന്നത് ജീവിതഗണിതമാണ്...രണ്ടു ചെറിയ നദികൾ ചേർന്നാൽ ഇമ്മിണി ബല്യ ഒരു നദിയാണല്ലോ ഉണ്ടാവുക.നിരവധി സാമൂഹ്യ പ്രശ്നങ്ങൾ ഈ നോവൽ കൈകാര്യം ചെയ്യുന്നു.മിടുക്കിയായിട്ടും ദാരിദ്ര്യം മൂലം തുടർന്ന് പഠിക്കാനാവാത്ത സുഹറ ഇന്ത്യയിലെ ഒട്ടനവധി നിരക്ഷര ബാലികമാരുടെ പ്രതീകമാണ്.മനോഹരമായ ആഖ്യാന ശൈലിയാണ് നോവലിന്റെ മറ്റൊരു “പ്ലസ് പോയിന്റ്”.അന്ന്  വരെ നമ്മുടെ സാഹിത്യത്തിനു അജ്ഞാതമായിരുന്ന മുസ്ലിം സമൂഹത്തിന്റെ ജീവിതം ഹൃദയ ദ്രവീകരണക്ഷമമായ രീതിയിൽ ‘കഥകളുടെ സുൽത്താൻ’ അവതരിപ്പിച്ചിരിക്കുന്നു.’എന്റെ വാക്കാണെന്റെ ഭാഷ’ എന്നുറക്കെ പ്രഖ്യാപിച്ച ബഷീർ തന്നെയാണോ ഇത്ര ലളിതമായി അച്ചടി ഭാഷയിൽ എഴുതിയത് എന്ന സംശയം സ്വാഭാവികമാണ് എം.പി പോളിന്റെ വാക്കുകൾ കടമെടുത്താൽ “മലയാള നോവൽ സാഹിത്യത്തിലെ കിടയറ്റ നോവൽ “.

# കൽപ്പന ചൗളയെ ഓർക്കുമ്പോൾ...



അക്ഷയ് 10 B

അഭിമാനത്തോടെയല്ലാതെ ഭാരതീയർക്ക് കൽപ്പന ചൗള എന്ന പേര് ഓർമിക്കാനാവില്ല. ബഹിരാകാശത്ത് എത്തിയ ആദ്യ ഇന്ത്യൻ വനിത എന്ന അവിസ്മരണീയ നേട്ടത്തിലൂടെ ഒട്ടേറെ യുവാക്കൾക്ക് ആവേശവും ആത്മവിശ്വാസവും പകർന്നുനൽകാൻ ഈ യുവതിക്ക് കഴിഞ്ഞു. തൻറെ രണ്ടാമത്തെ ബഹിരാകാശയാത്രയുടെ ഭാഗമായിരിക്കേ 2003 ഫെബ്രുവരി ഒന്നാം തീയതി അവർ സഞ്ചരിച്ചിരുന്ന കൊളംബിയ സ്പേസ് ഷട്ടിൽ അപകടത്തിൽ പെട്ടാണ് കൽപ്പന ചൗള മരണമടഞ്ഞത്.

ഇന്ത്യയിൽ ജനിച്ച്, അമേരിക്കൻ പൗരത്വം സ്വീകരിച്ച കൽപ്പന ഇന്നും അനേകം യുവാക്കളുടെ സ്വപ്നങ്ങൾക്ക് തൻറെ നേട്ടങ്ങളിലൂടെ ആത്മവിശ്വാസം പകരുന്നു. താരശോഭയേറിയ ആ ജീവിതത്തെ കൂടുതൽ അറിയുക എന്നത് തീർച്ചയായും ഏറെ പ്രയോജനകരമാണ്. കൽപ്പന ചൗളയുടെ ജീവിതത്തെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും കാഴ്ച്ചപ്പാടുകളെക്കുറിച്ചും ആഴത്തിൽ അറിയുവാനുള്ള ഈ യാത്ര ഹരിയാനയിൽ നിന്നാണ് തുടങ്ങേണ്ടത്.ഹരിയാനയിലെ കർണാലിൽ 1962 മാർച്ച് പതിനേഴിനായിരുന്നു കൽപ്പന ചൗളയുടെ ജനനം. കർണാലിലെ ടാഗോർ ബാലനികേതനിൽ നിന്നും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ കൽപ്പന ചൗള സ്കൂൾ പഠനകാലത്ത് തന്നെ പൈലറ്റ് ആവണമെന്ന ആഗ്രഹം പ്രകടിപ്പിച്ചിരുന്നു.

കൽപ്പനയുടെ ആഗ്രഹപ്രകാരം അവരുടെ പിതാവ് ഫ്ലൈയിംഗ് ക്ലബ്ബിൽ കൊണ്ടുപോയി HAL പുഷ്പക് വിമാനവും ഗ്ലൈഡറുകളും പറത്താനുള്ള അവസരം നൽകിയിരുന്നു. എപ്പോഴും വിമാനങ്ങളുടെ ചിത്രം വരയ്ക്കുന്ന, വിമാനം പറത്തുന്നത് സ്വപ്നം കാണുന്ന ആ പെൺകുട്ടി ഈ നേട്ടങ്ങളൊക്കെ സ്വന്തമാക്കിയില്ലെങ്കിലേ അത്ഭുതമുള്ളൂ.

സ്വന്തം ഇഷ്ടപ്രകാരം 1982ൽ പഞ്ചാബ് എഞ്ചിനീയറിംഗ് കോളേജിൽ നിന്നും എയറോനോട്ടിക്കൽ എഞ്ചിനീയറിംഗ് പൂർത്തിയാക്കുമ്പോൾ ആ കോഴ്സിൽ ഉണ്ടായിരുന്ന ഏക പെൺകുട്ടിയായിരുന്നു കൽപ്പന ചൗള. അതേ വർഷം തന്നെ അമേരിക്കയിലെ പ്രശസ്തമായ ടെക്സാസ് യൂണിവേഴ്സിറ്റിയിൽ എയറോസ്പേസ് എഞ്ചിനീയറിംഗിൽ മാസ്റ്റേഴ്സ് ബിരുദത്തിനായി ചേർ ന്നതാണ് കൽപ്പനയുടെ ജീവിതത്തിലെ പ്രധാന വഴിത്തിരിവ്. പഠനത്തിൽ അതീവ താൽപര്യം പുലർത്തിയിരുന്ന കൽപ്പന 1988ൽ കൊളറാഡോ യൂണിവേഴ്സിറ്റിയിൽ നിന്നും അതേ വിഷയത്തിൽ ഡോക്ടറേറ്റും ലഭിച്ചു.എയറോനോട്ടിക്കൽ എഞ്ചിനീയറിംഗിൽ പി.എച്ച്.ഡി. നേടിയ ഉടൻതന്നെ കാലിഫോർണിയയിലുള്ള നാസയുടെ ഗവേഷണകേന്ദ്രത്തിൽ കൽപ്പന ചൗളയ്ക്ക് ജോലി ലഭിച്ചു. വിമാനം പറത്തുന്നതിൽ ഏറെ ഹരം കണ്ടെത്തിയ കൽപ്പന ചുരുങ്ങിയ കാലയളവിൽത്തന്നെ എല്ലാത്തരം വിമാനങ്ങളും പറത്തുന്നതിൽ മികവ് നേടിയെടുത്തു. വിമാനങ്ങളോടുള്ള ഈ ഇഷ്ടമാണ് വൈമാനികനായ ജീൻ പിയറി ഹാരിസണുമായുള്ള സൗഹൃദത്തിലേയ്ക്കും തുടർന്ന് വിവാഹത്തിലേയ്ക്കും വഴിതുറന്നത്. അമേരിക്കൻ പൗരത്വം നേടിയ ഹാരിസൺ 1983 ഡിസംബർ രണ്ടിന് കൽപ്പനയെ വിവാഹം കഴിച്ചു. തുടർന്ന് കൽപ്പനയും അമേരിക്കൻ പൗരത്വം നേടി.1995 ലാണ് കൽപ്പന ചൗള നാസയുടെ ബഹിരാകാശ ഗവേഷണസംഘത്തിൽ അംഗമാവുന്നത്. കൊളംബിയ ബഹിരാകാശ ദൗത്യത്തിൽ പങ്കുചേരാൻ ഏറെ പ്രതീക്ഷയോടെ കൽപ്പനയും അപേക്ഷ

നൽകി. വിമാനം പറത്തുന്നതിലുള്ള മികവും അസാമാന്യമായ

ശാരീരിക ക്ഷമതയും കൊളംബിയ ദൗത്യത്തിലേയ്ക്കുള്ള കൽപ്പനയുടെ പ്രവേശനം സുഗമമാക്കി.1997 നവംബർ പത്തൊൻപതിന് നാസയുടെ STS-87 ബഹിരാകാശ ദൗത്യത്തിൻറെ ഭാഗമായി കൊളംബിയ സ്പേസ് ഷട്ടിലിൽ അഞ്ച് സഹപ്രവർത്തകരോടൊപ്പം ബഹിരാകാശത്തേക്ക് പറന്നുയരുമ്പോൾ ചരിത്രം ആ പ്രതിഭയുടെ ആത്മവിശ്വാസത്തിനും ചങ്കുറപ്പിനും മുന്നിൽ വഴിമാറുകയായിരുന്നു.

ആദ്യ യാത്രയിൽ 375 മണിക്കൂറോളമാണ് കൽപ്പനാ ചൗള ബഹിരാകാശത്ത് ചിലവഴിച്ചത്. സൂര്യൻറെ ഉപരിതലതാപത്തെക്കുറിച്ച് പഠിക്കുവാനായി സജ്ജമാക്കിയ സ്പാർട്ടൻ 204 എന്ന കൃത്രിമ ഉപഗ്രഹത്തെ ഭ്രമണപഥത്തിൽ എത്തിക്കുവാനുള്ള ചുമതല കൽപ്പനയ്ക്ക് ആയിരുന്നു. ഇതിൽ വന്ന വീഴ്ചയ്ക്ക് ഏറെക്കാലം പഴി കേൾക്കേണ്ടി വന്നുവെങ്കിലും നാസ നടത്തിയ വിശദമായ അന്വേഷണത്തിൽ സോഫ്റ്റ്‌വെയർ ഇൻറർഫേസിലെ പിഴവായിരുന്നു യഥാർത്ഥ വില്ലൻ എന്ന് കണ്ടെത്തുകയും കൽപ്പനാ ചൗളയെ കുറ്റവിമുക്തയാക്കുകയും ചെയ്തു.ആദ്യ യാത്രയിൽ സ്വന്തം പിഴവുകൊണ്ട് അല്ലെങ്കിലും സംഭവിച്ച പ്രശ്നങ്ങൾ കൽപ്പനാ ചൗള എന്ന വ്യക്തിയുടെ മേൽ നാസ സൂക്ഷിച്ച വിശ്വാസത്തിൽ ഇടിവ് വന്നിട്ടില്ല എന്നതിന് തെളിവായിരുന്നു രണ്ടാമതൊരു ബഹിരാകാശ ദൗത്യത്തിൽ കൂടി തിരഞ്ഞെടുക്കുവാനുള്ള തീരുമാനം. ബഹിരാകാശ യാത്രകളിൽ അനുഭവപ്പെടുന്ന ഭാരമില്ലയ്മയെ പറ്റിയുള്ള ഗവേഷണമായിരുന്നു STS-107 എന്ന ഈ കൊളംബിയ ദൗത്യത്തിൻറെ ലക്ഷ്യം. കൽപ്പനയടക്കം 7 പേരാണ് ഈ സംഘത്തിൽ ഉണ്ടായിരുന്നത്.

പതിനേഴ് ദിവസം നീണ്ട പര്യടനത്തിനുശേഷം 2003 ഫെബ്രുവരി ഒന്നിന് തിരിച്ചിറങ്ങാൻ ഏതാനും മിനിറ്റുകൾ മാത്രം ബാക്കി നിൽക്കേ ഭൂമിയുടെ അന്തരീക്ഷത്തിൽ വെച്ചുതന്നെ കൊളംബിയ പൊട്ടിച്ചിതറി. വിക്ഷേപണ സമയത്ത് തന്നെ ഉണ്ടായ ചില പിഴവുകളായിരുന്നു ദാരുണമായ ഈ ദുരന്തത്തിലേയ്ക്ക് വഴിതെളിച്ചത്.

കൽപ്പന ചൗള ഒരു വലിയ മാതൃക സൃഷ്ടിച്ചുകൊണ്ടാണ് കടന്നുപോയത്. പെൺകുട്ടികൾ കടന്നുചെല്ലാൻ മടിച്ചിരുന്ന ഒരു തൊഴിൽ മേഖലയിലേയ്ക്ക്, പെൺകുട്ടികൾക്ക് സാധിക്കില്ല എന്ന് സമൂഹം കരുതിയിരുന്ന ഒരു രംഗത്തേയ്ക്ക് ധൈര്യത്തോടെ കടന്നുചെന്ന കൽപ്പന തനിക്ക് പിറകേ വരാനുള്ള ഒട്ടനേകം യുവമനസുകൾക്ക് വഴികാട്ടിയാവുകയായിരുന്നു. കൽപ്പന ചൗള എന്ന വ്യക്തി നമ്മോടൊപ്പം ഇന്ന് ഇല്ലായിരിക്കാം. എന്നാൽ അവളുടെ നേട്ടങ്ങളും അവൾ കാണിച്ചുതന്ന വഴിയും എന്നും ശോഭയോടെ നിലകൊള്ളുക തന്നെ ചെയ്യും.



# യാത്രാവിവരണം

മീനാക്ഷി 8A

യാത്രകൾ എപ്പോഴും നല്ല മധുരമുള്ള അനുഭവങ്ങൾ തരുന്നതാണ് ഞാൻ പോയ ഒരു യാത്ര അനുഭവം ഇവിടെ വിവരിക്കാം. ഇടുക്കി ജില്ലയിലെ മൂന്നാർ എന്ന സ്ഥലത്താണ് പോയത് .എൻറെ കുടുംബത്തോടൊപ്പമാണ് പോയത് ടൂറിസ്റ്റ് ബസ്സിൽ ആണ് പോയത്, പ്രശോഭ് ട്രാവൽസ് എന്ന ബസ് ആയിരുന്നു അത് രാവിലെ ഒമ്പതിനു പുറപ്പെട്ടു രണ്ടാം ദിവസം മൂന്നാറിൽ എത്തി ചേർന്നു. മൂന്നാറിൽ എത്തുന്നതിനുമുമ്പ് വേറെ ചില സ്ഥലങ്ങൾ കൂടി സന്ദർശിച്ചു. മൂന്നാറിൽ എനിക്ക് ഒരുപാട് നല്ല കാഴ്ചകൾ കാണാൻ കഴിഞ്ഞു അവിടെ നല്ല തണുത്ത പ്രദേശമായിരുന്നു ആന, തേയിലത്തോട്ടം, ഏലത്തോട്ടം, വെള്ളച്ചാട്ടം, തുടങ്ങി ഭംഗിയാർന്ന കാഴ്ചകൾ കാണാൻ കഴിഞ്ഞു. എൻറെ മനസ്സിന് അതെല്ലാം നല്ല കുളിർമയേകി . വിവിധതരം ഭാഷയും വേഷവും ഉള്ള മനുഷ്യരെ കാണാൻ സാധിച്ചു. ഒരു ബന്ധത്തിൽ ഉള്ള ഒരാളുടെ കല്യാണത്തിന് വേണ്ടി റിസർവേഷൻ ചെയ്താണ് ഞാൻ പോയത്. വൈകുന്നേരം 4 30ന് ഞങ്ങൾ മൂന്നാറിൽ നിന്ന് പുറപ്പെട്ടു. അപ്പോഴേക്കും അവിടമാകെ കോടമഞ്ഞ് ആയി കഴിഞ്ഞിരുന്നു. നല്ല ക്ഷീണം ഉണ്ടായതിനാൽ ഞാൻ ചെറുതായി ഒന്നു മയങ്ങി. തിരിച്ചു വീട്ടിൽ എത്തിയപ്പോൾ ഒരു മണി ആയിരുന്നു. ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു യാത്രാനുഭവങ്ങൾ ആയിരുന്നു എനിക്ക് മൂന്നാർ യാത്ര സമ്മാനിച്ചത്.

# ഓർമ്മകളിലൂടെ..................


















ടീം ലിറ്റിൽ കൈറ്റ്സ്

# നന്ദി